മെഡിക്കൽ കോളേജ് പി ഒ
തിരുവനന്തപുരം -11

ഇ -മെയിൽ: ed.ksotto@kerala.gov.in
ed.ksotto@gmail.com
ഫോൺ: 0471-2528658, 2962748

TCLS&CS റെജി നം. TVM/TC/669/2021
കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ
THOT റൂൾസ് 2014, ഖണ്ഡിക 31(2) ലെ അപ്പ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസ്
(ഒരു കേരള സർക്കാർ സ്ഥാപനം)

---

No. 207/2025/KSOTTO-ഡി 13-05-2026

## ക്വോട്ടേഷൻ നോട്ടീസ്

**ഔദ്യോഗിക ഉപയോഗത്തിനായി A/C കാർ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ഹയർ ചെയ്യൽ – സംബന്ധിച്ച്**

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റേഷൻ ഓർഗനൈസേഷൻ (K-SOTTO)–യുടെ ഔദ്യോഗിക ഉപയോഗത്തിനായി ടൂറിസ്റ്റ് ടാക്സി പെർമിറ്റുള്ള 5 സീറ്റർ സെഡാൻ വിഭാഗത്തിലുള്ള വാഹനങ്ങൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായി വാഹന ഉടമകളിൽ നിന്ന് സീൽ ചെയ്ത ക്വോട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വോട്ടേഷൻ താഴെപ്പറയുന്ന നിരക്കുകൾ പ്രകാരം സമർപ്പിക്കണം:

**1. ക്വോട്ടേഷൻ നിരക്കുകൾ**

മാസത്തിൽ 2000 കിലോമീറ്റർ വരെയുള്ള യാത്രയ്ക്കുള്ള മാസ നിരക്ക്.

**6 മാസ ബ്ലോക്ക് കാലയളവിൽ 12000 കിലോമീറ്റർ കവിയുന്ന അധിക കി.മീ.**യ്ക്ക് പ്രതി കിലോമീറ്ററിന് നിരക്ക്.

അധിക കി.മീ. നിരക്ക് ₹16/- (6 മാസ കണക്കെടുപ്പ് അടിസ്ഥാനത്തിൽ).

### നിബന്ധനകൾ

1. ഓഫർ ചെയ്യുന്ന വാഹനത്തിന്റെ ഫസ്റ്റ് രജിസ്ട്രേഷൻ Quotation Notice തീയതിയിൽ നിന്ന് 24 മാസത്തിൽ പഴക്കമുള്ളതാകരുത്. (RC പകർപ്പ് നിർബന്ധം)
2. ആവശ്യമായ എല്ലാ നൂതന ആക്സസറികളും സജ്ജീകരിച്ചിരിക്കണം.
3. വാഹനം കരാർ കാലയളവിൽ മുഴുവൻ (അവധി ദിവസങ്ങൾ ഉൾപ്പെടെ) K-SOTTO യുടെ വക ഉപയോഗത്തിന് മാത്രമായി ലഭ്യമാക്കണം.
4. വാഹനം നല്ല നിലയിൽ സൂക്ഷിക്കൽ, ഇന്ധനം, ഓയിൽ, സർവീസ്, ഇൻഷുറൻസ്, റോഡ് ടാക്സ് തുടങ്ങിയവ മുഴുവൻ വാഹന ഉടമയുടെ ഉത്തരവാദിത്തമാണ്.
5. ക്വോട്ട് ചെയ്ത നിരക്കിൽ എല്ലാ ചെലവുകളും ഉൾപ്പെടണം. അപകടപരിഹാരങ്ങളും മെൻറനൻസും മുഴുവനും ഉടമയുടെ ഉത്തരവാദിത്തം. വാഹന തകരാർ വന്നാൽ ഉടൻ പര്യായ വാഹനം ഒരുക്കണം.
6. ആവശ്യമായ സമയത്ത് വാഹനം ലഭ്യമാക്കാൻ കഴിയാത്ത പക്ഷം ദിവസേന പിഴ: (മാസ നിരക്ക് ÷ 25) × 1.25
7. 7 ദിവസത്തിൽ കൂടുതൽ വാഹന ലഭ്യതയില്ലെങ്കിൽ കരാർ ലംഘനം ആയി കണക്കാക്കി സെക്യൂരിറ്റി ഡിപ്പോസിറ്റ് നഷ്ടപ്പെടും.
8. കരാർ കാലയളവ്: ഒരു വർഷം (നല്ല പ്രകടനം ഉണ്ടെങ്കിൽ മറ്റൊരുവർഷത്തേക്ക്

ദീർഘിപ്പിക്കാം).

9. ലോഗ് ബുക്ക് ഡ്രൈവർ സൂക്ഷിച്ച് ദിവസേന യാത്ര രേഖപ്പെടുത്തി ബിൽ സമർപ്പിക്കുമ്പോൾ അധികാരിയ്ക്ക് കൈമാറണം.
10. ടോൾ/പാർക്കിംഗ് ഫീസ് ഉടമ അടയ്ക്കണം; ആവശ്യപ്പെട്ടാൽ **K-SOTTO** പിന്നീട് റീഇംബഴ്സ് ചെയ്യും.
11. വാഹനം മാസത്തിലെ എല്ലാ ദിവസവും, ആവശ്യമായ സമയത്ത് ലഭ്യമാക്കണം.
12. യാത്ര പരിധി: കേരള സംസ്ഥാനമൊട്ടാകെ, ആവശ്യമായാൽ സംസ്ഥാനത്തിന് പുറത്തും.
13. ഓഫീസ് സമയാവസാനത്തിന് ശേഷം വാഹനം **K-SOTTO** ഓഫീസ് നിർദ്ദേശിച്ച പരിസരത്ത് പാർക്ക് ചെയ്യണം; സ്വകാര്യ/വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കരുത്.
14. ക്വോട്ടേഷൻ **30.05.2026** വൈകിട്ട് **03:00** മണിക്ക് മുമ്പ് മുദ്രവെച്ച കവറിൽ **"Quotation for hiring of Vehicles"** എന്ന് സൂപർസ്ക്രൈബ് ചെയ്ത് **Executive Director, K-SOTTO** എന്ന വിലാസത്തിലേക്ക് സമർപ്പിക്കണം.
15. ലഭ്യമായ നിരക്കുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ആയിരിക്കും സാധാരണ തിരഞ്ഞെടുപ്പ്. എങ്കിലും, എക്സിക്യൂട്ടീവ് ഡയറക്ടറിന് എല്ലാ ക്വോട്ടേഷനുകളും നിരസിക്കാനുള്ള അധികാരം ഉണ്ടായിരിക്കും.
16. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി **10 AM** മുതൽ **5 PM** വരെ ബന്ധപ്പെടാം.
17. വിജയകരമായ ബിഡ്ഡർ **₹5,000/-** സെക്യൂരിറ്റി ഡിപ്പോസിറ്റ് **(DD)** സമർപ്പിച്ച് **7** ദിവസത്തിനകം കരാർ ഒപ്പിടണം.
18. ബ്ലാക്ക് ലിസ്റ്റ് ചെയ്ത വാഹന ഉടമകൾക്ക് അവസരം ലഭ്യമല്ല.

**ക്വോട്ടേഷനിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ**

**a.** വാഹനത്തിന്റെ **Make, Model, Vehicle No., Manufacturing Year — RC** പകർപ്പ് സഹിതം

**b. 2000 km** മാസ നിരക്ക്

**c.** ഇൻഷുറൻസ് വിശദാംശങ്ങൾ — പോളിസി പകർപ്പ് സഹിതം

**d. PUC** സർട്ടിഫിക്കറ്റ് പകർപ്പ്

**e.** നിരക്ക് കരാർ കാലയളവിൽ സ്ഥിരമായിരിക്കണം

**f. PAN** നമ്പർ — പകർപ്പ് സഹിതം

Digitally signed by
Noble Gracious S S
Date: 13-05-2026
00:11:02

ഡോ. നോബിൾ ഗ്രേഷ്യസ് എസ്.എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ കം മെമ്പർ സെക്രട്ടറി
കെ-സോട്ടോ, തിരുവനന്തപുരം

**NB: കൊട്ടേഷൻ സമർപ്പിക്കാനുള്ള അപേക്ഷ ഫോം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (Annexure-1)**

**To:**

**Notice Board – K-SOTTO**

**Website (www.ksotto.kerala.gov.in)**

**ANNEXURE – 1**

## വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാഹനം ഹയർ ചെയ്യുന്നതിനുള്ള ക്വോട്ടേഷൻ ഫോം

| ക്രമ നമ്പർ | വിശദാംശം | വിവരങ്ങൾ പൂരിപ്പിക്കുക |
|---|---|---|
| 1 | ബിഡ്ഡറുടെ പേര്, | |
| 2 | ബിഡ്ഡറുടെ വിലാസം | |
| 3 | ബന്ധപ്പെടാനുള്ള ഫോൺ നമ്പർ | |
| 4 | PAN നമ്പർ | |
| 5 | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | |
| 6 | വാഹനത്തിന്റെ തരം (SUV/MPV/Sedan) | |
| 7 | വാഹന നിർമ്മാതാവ് | |
| 8 | മോഡൽ, നിർമ്മാണ വർഷം & മാസം | |
| 9 | മൈലേജ് | |
| 10 | 2000 കി.മീ. വരെ (ഡ്രൈവർ ഇല്ലാതെ) മാസ ഹയർ ചാർജ് | |
| 11 | 2000 കി.മീ.ക്ക് മുകളിൽ (6 മാസ ബ്ലോക്ക് അടിസ്ഥാനത്തിൽ) പ്രതി കി.മീ. നിരക്ക് | |

### പ്രഖ്യാപനം (DECLARATION)

മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങളും ക്വോട്ട് ചെയ്ത നിരക്കുകളും ക്വോട്ടേഷൻ നോട്ടീസിലെ നിബന്ധനകൾ അനുസരിച്ച് ഒരു വർഷത്തേക്ക് വാഹനം നൽകുന്നതിന് ഞാൻ സമ്മതിക്കുന്നു.

സ്ഥലം: പേര്

തീയതി : ഒപ്പ്